# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1052 — 13/06/2013 ൽ മറുപടിക്ക്

**യൂണിഫോം, ഉച്ചഭക്ഷണം എന്നിവയ്ക്ക് അനുവദിക്കുന്ന തുക**

**ചോദ്യം**

ശ്രീ.ആർ.രാജേഷ്

എ) സ്കൂൾ കുട്ടികൾക്ക് യൂണിഫോം വാങ്ങുവാൻ എത്ര രൂപയാണ് സർക്കാർ നൽകുന്നത്; ഏതെങ്കിലും പ്രത്യേക കമ്പനിയുടെ തുണിത്തരങ്ങൾ മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

ബി) സർക്കാർ നൽകുന്ന തുക ഉപയോഗിച്ച് ടി കമ്പനിയുടെ തുണിത്തരങ്ങൾ വാങ്ങാൻ കഴിയുമോ; യൂണിഫോം വാങ്ങുന്നതിനുള്ള തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം കൊടുക്കുന്നതിന് സർക്കാർ അനുവദിച്ച തുക ഏതൊക്കെ സ്ഥാപനങ്ങളിൽ മിച്ചം വന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇങ്ങനെ മിച്ചം വരാനിടയായത് എന്തു കൊണ്ടാണെന്ന് അന്വേഷിക്കുമോ?

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) & ബി) സർക്കാർ സ്കൂളുകളിൽ 1-8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന് എ.പി.എൽ ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് കുട്ടിയൊന്നിന് ജോഡിക്ക് 200/- രൂപ നിരക്കിൽ രണ്ട് ജോഡി യൂണിഫോമിന് 400/- രൂപ വീതമാണ് അനുവദിക്കുന്നത്. ഇതിലേക്കായി കേന്ദ്ര മാനവശേഷി മന്ത്രാലയം 33.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി യൂണിഫോം വിതരണം ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 80 കോടി രൂപ സംസ്ഥാന സർക്കാരും നീക്കിവച്ചിട്ടുണ്ട്. യൂണിഫോം വിതരണം സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഡിപി.ഐ അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ തീരുമാനത്തിനു വിധേയമായിട്ടായിരിക്കും യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമം തീരുമാനിക്കുക.

സി) പരിശോധിച്ചിട്ടുണ്ട്. ആവശ്യമുള്ളതിലും അധികം തുക ഉച്ചഭക്ഷണപദ്ധതിയുടെ നടത്തിപ്പിൻറെ ആവശ്യത്തിലേക്കായിബന്ധപ്പെട്ട സ്ഥാപനങ്ങളിലെ അധികാരികൾ ആവശ്യപ്പെട്ടതനുസരിച്ച് തുക അലോട്ട് ചെയ്യുതുകൊണ്ടാണ് ചില സ്ഥാപനങ്ങളിൽ അനുവദിച്ച തുക അധികമായി വന്നിട്ടുള്ളത്.

സെക്ഷൻ ഓഫീസർ